# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD-P11-1165/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 04/10/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊൽപുള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD-P11-1165/2021 തീയ്യതി: 04/10/2021

## പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-07-2020 മുതൽ 04-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സതീശൻ.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രേമാനന്ദ്.എസ്. -ഓഡിറ്റ് ഓഫീസർ
സുജാത.പി. -ഓഡിറ്റ് ഓഫീസർ
എസ്.എച്ച്.ഷർഫുദ്ദീൻ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ആർ.രഞ്ജിത്ത് -ഓഡിറ്റർ
ഐ.കന്തസ്വാമി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ജയന്തി.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.ബാലഗംഗാധരൻ.പി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മുഹമ്മദ് ഷാഫി.പി.കെ | സെക്രട്ടറി | 01-04-2020 | 16-07-2020 |
| ശ്രീ.ശിവാനന്ദ്.ആർ | സെക്രട്ടറി | 17-07-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയത (വരെ |
|---|---|---|---|
| ശ്രീമതി.എസ്.സുഹൈന | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ജയകൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2020 | 07-09-2020 |
| ഡോ.അശ്വതി | വെറ്ററിനറി സർജൻ | 08-09-2020 | 31-03-2021 |
| ഡോ.ജോവിത പുതൂർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ജിഹാന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീ.അനുരാജ്.കെ.ബി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുജാത.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ഗംഗ.ടി.ആർ | വി.ഇ.ഒ. | 01-04-2020 | 31-03-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 04-11-2020 |
| ശ്രീമതി.പ്രിയങ്ക | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-11-2020 | 31-03-2021 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: S. Premanand (Audit Officer, On 07-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: S. Premanand (Audit Officer, On 07-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-2 |
| 3 | വാർഷികധനകാര്യപത്രിക - അപാകതകൾ<br>Written By: S. Premanand (Audit Officer, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: S. Premanand (Audit Officer, On 07-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 07-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: S. Premanand (Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: P. Sujatha (Audit Officer, On 26-09-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: S. Premanand (Audit Officer, On 07-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: S. Premanand (Audit Officer, On 15-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 13-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-10 |
| 12 | വസ്തു നികുതി - തെറ്റായി ഗണം നിർണയിച്ചത് പരിശോധിക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-11 |
| 13 | റഗുലറൈസേഷൻ തുക അടവാക്കിയത് സംബന്ധിച്ച്<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-12 |
| 14 | തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-13 |
| 15 | സാധന സാമഗ്രികൾ GeM മുഖേന വാങ്ങേണ്ടതാണ്<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-14 |
| 16 | എസ്.സി.കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-14-1 |
| 17 | തെരുവ് വിളക്ക് എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-14-2 |
| 18 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം | 1-15 |

| | | |
|---|---|---|
| | Written By: S.H.SHARAFUDHEEN (Asst. Audit Officer, On 16-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-16 |
| 20 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം- ലഭ്യമായ തുക മുഴുവനും ചെലവഴിച്ചില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-17 |
| 21 | പട്ടികജാതി വിദ്യർത്ഥികൾക്ക് ലാപ്പ്ടോപ്പ് - കമ്പ്യൂട്ടർ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-18 |
| 22 | ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-19 |
| 23 | ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും അനുവദിച്ചു<br>Written By: Ranjith. R (Auditor, On 14-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-20 |
| 24 | പ്രൊജക്ട് നിർവ്വഹണം കാര്യക്ഷമമാക്കണം<br>Written By: S. Premanand (Audit Officer, On 15-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-21 |
| 25 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 14-09-2021)<br>Last Updated By: P. Sujatha (Audit Officer, On 16-09-2021) | 1-22 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അധികം നൽകിയത് തിരിച്ചടയ്ക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: Kanthaswami.I (Auditor, On 28-09-2021) | 1-23 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: P. Sujatha (Audit Officer, On 16-09-2021) | 1-24 |
| 28 | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -- മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: Kanthaswami.I (Auditor, On 27-09-2021) | 1-25 |
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: P. Sujatha (Audit Officer, On 16-09-2021) | 1-26 |
| 30 | പൊതു മരാമത്ത് പ്രവൃത്തികൾ- സെലക്ഷൻ നോട്ടീസ് നിശ്ചിത സമയ പരിധിക്കുള്ളിൽ അയക്കുന്നില്ല<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: P. Sujatha (Audit Officer, On 13-09-2021) | 1-27 |
| 31 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: P. Sujatha (Audit Officer, On 13-09-2021) | 1-28 |
| 32 | പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-29 |
| 33 | ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 1-30 |
| 34 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു | 1-31 |

| | | |
|---|---|---|
| | നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/ കുറവായി ഈടാക്കി<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | |
| 35 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് നടത്തുന്നില്ല<br>Written By: P. Sujatha (Audit Officer, On 13-09-2021)<br>Last Updated By: P. Sujatha (Audit Officer, On 16-09-2021) | 1-32 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അധികനിരക്കിൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 16-09-2021)<br>Last Updated By: Kanthaswami.I (Auditor, On 27-09-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: P. Sujatha (Audit Officer, On 06-09-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: S.H.SHARAFUDHEEN (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: P. Sujatha (Audit Officer, On 06-09-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: P. Sujatha (Audit Officer, On 06-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 12-09-2021)<br>Last Updated By: S. Premanand (Audit Officer, On 12-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: P. Sujatha (Audit Officer, On 06-09-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: P. Sujatha (Audit Officer, On 06-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sujatha (Audit Officer, On 16-09-2021)<br>Last Updated By: P. Sujatha (Audit Officer, On 16-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P. Sujatha (Audit Officer, On 06-09-2021)<br>Last Updated By: Ramadevi.V.K (Computer Assistant, On 04-10-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | വാർഷിക കണക്ക് -വിവിധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

24.03.2020തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം 2020-21 വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു. പ്രാരംഭ ബാക്കിയടക്കം ആകെ വരവ് 164266850 ക, ചെലവ് 162825420 ക, നീക്കിയിരുപ്പ് തുക 1441430 ക എന്നീ പ്രകാരമുള്ള ബഡ്ജറ്റ് യോഗം ഏകകണ്ഠേന അംഗീകരിക്കുകയാണുണ്ടായത്.

പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 16.02.2021തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 30.04.2021 | ബാധകമല്ല | ബാധകമല്ല |

### 1-2-1 വാർഷികധനകാര്യപത്രിക - അപാകതകൾ

1. തനതുഫണ്ട് വൗച്ചറുകളോടൊപ്പം സാംഖ്യയിൽ നിന്നും ലഭിക്കുന്ന പേയ്മെന്റ് വൗച്ചർ സൂക്ഷിക്കുന്നില്ല.

2. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിൽ 2019-20 വർഷം ചെലവഴിക്കാതെ അവശേഷിച്ച ₹182984/- ഈ വർഷവും ചെലവഴിച്ചിട്ടില്ല. തുക തിരിച്ചടക്കേണ്ടതാണ്.

3. സ്വച്ച് ഭാരത് മിഷൻ ഗ്രാന്റായി ലഭിച്ച തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന ₹12,78,167/- വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

4. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6295133 |
| വരവ് | 73956206 |
| ആകെ | 80251339 |
| ചെലവ് | 75345306 |
| നീക്കിയിരിപ്പ് | 4906033 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 8466421 | 8466421 | 8,466,411 | 10 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 8215412 | 8215412 | 6,214,155 | 2001257 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, | 0 | 18578000 | 18578000 | 15,715,588 | 2862412 |

| | | | | | |
|---|---|---|---|---|---|
| റോഡ് (ACR പ്രകാരം) | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3456681 | 3456681 | 3,271,890 | 184791 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ACR പ്രകാരം) | 0 | 10841140 | 10841140 | 5,803,909 | 5037231 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - പെർഫോമൻസ് ഗ്രാന്റ് (ടൈഡ്) | 0 | 4410000 | 4410000 | 1,500,000 | 2910000 |
| ജനറൽ പർപസ് ഫണ്ട് | 0 | 7,980,519 | 7,980,519 | 7,980,519 | 0 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2020-21)

| ക്രമ നം. | പ്രൊജക്റ്റ് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 231/21: ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) | 921050 | വികസന ഫണ്ട് (ജനറൽ) |
| 2 | 246/21: ലൈഫ് മിഷൻ വായ്പ - മുതൽ തിരിച്ചടവ് (ജനറൽ) | 1142754 | വികസന ഫണ്ട് (ജനറൽ) |
| 3 | 243/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 262800 | വികസന ഫണ്ട് (ജനറൽ) |
| 4 | 247/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 262800 | വികസന ഫണ്ട് (ജനറൽ) |
| 5 | 230/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 262800 | വികസന ഫണ്ട് (ജനറൽ) |
| | വികസന ഫണ്ട് (ജനറൽ) ആകെ | 2852204 | |
| 6 | 248/21: ലൈഫ് മിഷൻ വായ്പ - മുതൽ | 168294 | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | തിരിച്ചടവ് (SCP) | | (എസ്.സി.പി) |
| 7 | 249/21: ലൈഫ് മിഷൻ വായ്പ – മുതൽ തിരിച്ചടവ് (SCP) | 168294 | വികസന ഫണ്ട് (എസ്.സി.പി) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 336588 | |

പൊരുത്തപ്പെടുത്തൽ:

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 8466421 | 2852204 | 11318625 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 8,466,411 | 2852204 | 11318615 |
| | | | |
| വികസന ഫണ്ട് - (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 8215412 | 336588 | 8552000 |
| | ACR പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 6,214,155 | 336588 | 6550743 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 518726 | 685,520 | 1204246 | 971864 | 232382 |
| ശുചിത്വ മിഷൻ | 1090672 | 1514375 | 2605047 | 1326880 | 1278167 |

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | | 130,000 | 130,000 | 0 | 130000 |
| ലൈഫ് മിഷൻ | O | 1,000,000 | 1,000,000 | 1,000,000 | 0 |
| പ്രത്യേക ഗ്രാന്റ് (അങ്കണവാടികൾക്ക് ബോർഡ്) | 0 | 45000 | 45000 | 0 | 45000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 208 | 153086942 | 150 | 58832422 | 0 | 58 | 72.12 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതി നിർവ്വഹണത്തിലെ പുരോഗതി:

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 15266257 | 10 | 9004702 | 58.98 |
| വെറ്റിനറി സർജൻ | 5 | 1666000 | 4 | 951500 | 57.11 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 9 | 758000 | 7 | 534517 | 70.52 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 300000 | 1 | 300000 | 100 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 300000 | 1 | 300000 | 100 |
| വി.ഇ.ഒ | 17 | 75621410 | 15 | 10896810 | 14.41 |
| ICDS സൂപ്പർവൈസർ | 14 | 5976596 | 7 | 3196900 | 53.49 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 4 | 1425000 | 3 | 406262 | 28.51 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 47 | 16159967 | 34 | 11057922 | 68.43 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 97 | 34733712 | 65 | 21623159 | 62.25 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 880000 | 3 | 560650 | 63.71 |
| | 208 | 153086942 | 150 | 58832422 | |

അംഗീകാരം ലഭ്യമാക്കുന്ന പ്രൊജക്ടുകൾ അതാതു വർഷം തന്നെ പൂർത്തീകരിക്കേണ്ടതാണ്. പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോഴും ഫണ്ട് വകയിരുത്തുമ്പോഴും ശ്രദ്ധയോടെ കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. പദ്ധതി മാർഗരേഖയിലെ മാനദണ്ഡങ്ങൾ പാലിക്കുന്നതിലും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്. 2020-21ൽ ലഭ്യമായ വികസന ഫണ്ട് (എസ്.സി.പി) ₹2001257/- മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 2862412/- എന്നിങ്ങനെയുള്ള തുകകൾ തൻവർഷം ചെലവഴിക്കാനായില്ല. സർക്കാരിൽ നിന്നും ലഭ്യമാവുന്ന ഗ്രാന്റുകൾ അതാതുവർഷം തന്നെ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണ സമിതിയുടെയും കൂട്ടായ ശ്രമം ഉറപ്പുവരുത്തേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 322 | 1516686 | 1517008 | 1516576 | 432 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 30531888 | 30531888 | 30531888 | 0 |
| | 322 | 32048574 | 32048896 | 32048464 | 432 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 754 | 11108100 |
| വിധവാപെൻഷൻ | 789 | 11659400 |
| വാർദ്ധക്യകാലപെൻഷൻ | 1028 | 13469700 |
| വികലാംഗപെൻഷൻ | 180 | 2769600 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 69 | 1004700 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 9 | 270000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.9.2021ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹2943/- (രണ്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തിമൂന്ന് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബഡ്ജറ്റ് സമയക്രമം പാലിച്ച് പാസാക്കിയിട്ടുണ്ട്. ബഡ്ജറ്റിലെ ആകെ വരവിന്റെയും ചെലവിന്റെയും പകുതി മാത്രമാണ് യഥാർത്ഥ വരവും ചെലവും. മറ്റ് സ്റ്റാന്റിങ് കമ്മറ്റികൾ അതാത് മേഖലകളിലെ പ്രൊജക്ടുകളുടെയും അതാത് കമ്മറ്റികളുടെ പരിധിയിലുള്ള സ്ഥാപനങ്ങളുടെ റവന്യൂ ചെലവുകളുടെയും വിവരങ്ങൾ തയ്യാറാക്കുന്നുണ്ടെങ്കിലും ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി, ഗ്രാമ പഞ്ചായത്ത് ഭരണ സമിതി മുമ്പാകെ ബഡ്ജറ്റ് സമർപ്പിക്കുന്നതിന് മുമ്പായി ഇത്തരം കാര്യങ്ങളൊന്നും ചർച്ചചെയ്യതായി മിനുട്സിൽ രേഖപ്പെടുത്തിക്കാണുന്നില്ല.

ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി പ്രതിമാസ വരവ് ചെലവുകൾ പാസാക്കുന്ന സമയത്ത് ബഡ്ജറ്റ് പ്രൊവിഷൻ പാലിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നില്ല. ബഡ്ജറ്റ് പ്രൊവിഷനനുസൃതമായി വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് സാംഖ്യാ സോഫ്റ്റ്‌വെയറിൽ സംവിധാനം ഇല്ല. പ്രതീക്ഷിത വരവ്-ചെലവുകൾ യഥാർത്ഥ്യത്തിന്റെ ഇരട്ടിയോളം ബഡ്ജറ്റിൽ വകയിരുത്തുന്നതിനാൽ ബഡ്ജറ്റ് പ്രൊവിഷനേക്കാൾ അധികം ചെലവ് വരുന്നില്ല.

ബഡ്ജറ്റ് മാന്വലിലെ സമയ ക്രമം പാലിച്ച് അടുത്ത വർഷത്തെ പ്രൊജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് വർക്കിങ് ഗ്രൂപ്പുകളും സ്റ്റാന്റിങ്ങ് കമ്മറ്റികളും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാത് വർഷം തന്നെ പൂർണ്ണമായും വിനിയോഗിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ കേരള പഞ്ചായത്ത് നിയമങ്ങളും ചട്ടങ്ങളും പദ്ധതി മാർഗ നിർദ്ദേശങ്ങളും സബ്സിഡി മാർഗരേഖയും സർക്കാർ അതുത് സമയത്ത് നൽകുന്ന ഉത്തരവുകളും പാലിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാവേണ്ട സബ്സിഡികളും ധനസഹായങ്ങളും പൂർണ്ണമായും ലഭ്യമാക്കാൻ പ്രത്യേക താൽപ്പര്യമെടുക്കേണ്ടതാണ്. പശ്ചാത്തല മേഖലയിലെ പ്രൊജക്ടുകളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ 2019 മാർച്ച് വരെ മാത്രമാണ് Update ചെയ്തത്. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. തനതു ഫണ്ട് ചെലവു ചെയ്യുന്നതിൽ മിതത്വം പാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ട്. ഓരോ വർഷവും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെട്ട സാധന സാമഗ്രികളുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല. നികുതികളും വാട്ടർ ചാർജ്ജും അതാതുവർഷം തന്നെ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ട്. തനതുഫണ്ട് വൗച്ചറുകളോടൊപ്പം സാംഖ്യ വൗച്ചർ കൂടി പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

23.11.2012 മുതലുള്ള തിയതികളിലാണ് 2007-08 മുതൽ 2011-12 വരെയാണ് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് നടന്നിട്ടുള്ളത്. 05.01.2013 ന് ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. നിലവിൽ പരാമർശങ്ങളൊന്നും തീർപ്പാക്കുവാൻ അവശേഷിക്കുന്നില്ല.

പെർഫോമൻസ് ഓഡിറ്റ് 2021 ഏപ്രിൽ മുതൽ ജൂൺ 2021 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.

## 1-11 വസ്തു നികുതി - തെറ്റായി ഗണം നിർണയിച്ചത് പരിശോധിക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിലെ വസ്തു നികുതി നിർണ്ണയവും നികുതി ചുമത്തലും നടത്തിയിരിക്കുന്നത് നിയമാനുസൃതമായാണോ എന്ന് പരിശോധിക്കുന്നതിനായി സഞ്ചയ സോഫ്റ്റ്വെയറിലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ, കെട്ടിട നിർമ്മാണങ്ങളുടെ പൂർത്തീകരണ ഫയലുകൾ, ബിൽഡിംഗ് റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

വസ്തു നികുതി - തെറ്റായി ഗണം നിർണയിച്ചത് പരിശോധിക്കേണ്ടതാണ്

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയും, വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയും ഇതര വ്യവസായങ്ങൾക്ക് 40 രൂപയും രൂപയുമാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തിയതിൽ അപാകത ഉള്ളതായി കാണുന്നു. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിടം ഉടമ | SVP Kamaraj |
| പെർമിറ്റ് വിവരങ്ങൾ | A2- 1885/20 Dated 06.07.2020 , Godown Cum Office Building ,<br>296.92 M2 |
| കംപ്ലീഷൻ പ്ലാൻ & റിപ്പോർട്ട് | 05.10.2020<br>Godown Cum Office Building<br>296.92 M2 |
| വസ്തുനികുതി നിർണയിച്ചത് | ഇതര വ്യവസായം - 40 രൂപ നിരക്കിൽ<br>നികുതി- 11876.8<br>ഇളവ്- 2375.36 |

| | |
|---|---|
| | ആകെ- 9502<br>സെസ്- 476<br>ആകെ നികുതി- 9978 |
| വസ്തുനികുതി നിർണയിക്കേണ്ടത് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ- 50 രൂപ നിരക്കിൽ<br>നികുതി- 14846<br>ഇളവ്- 2969.2<br>ആകെ- 11876.8<br>സെസ്- 594<br>ആകെ നികുതി- 12471 |
| ലൈസൻസ് രജിസ്റ്റർ പ്രകാരം ടി കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് | Stock & Sale Of Rice |

2011 വസ്തുനികുതി ചട്ട പ്രകാരം വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങൾ എന്നാൽ "ഏത് തരത്തിലുമുള്ള ഉൽപ്പന്നങ്ങൾ, വസ്തുക്കൾ, അഥവാ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയോ സംസ്കരിക്കുകയോ അതിനായി ശേഖരിക്കുകയോ യന്ത്രസാമഗ്രികൾ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നതിനുള്ള കെട്ടിടങ്ങൾ " എന്നതാണ്. ഇത് പ്രകാരം മേൽ കെട്ടിടങ്ങൾ ഗോഡൗൺ, ഷോപ്പ് എന്ന ഗണത്തിൽ ഉൾപ്പെടുന്നവയാണ്. ഇവയെ 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പകരം ഇതര വ്യവസായം എന്ന ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചത് പരിശോധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.08.2021 ന് സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയം നടത്തി അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

## 1-12 റഗുലറൈസേഷൻ തുക അടവാക്കിയത് സംബന്ധിച്ച്

2020-21 വർഷത്തെ ബിൽഡിംഗ് പെർമിറ്റ് നിർമ്മാണ രജസിറ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ അംഗീകൃത കെട്ടിടനിർമ്മാണ പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് രാജിയാക്കൽ ഫീസ് ഈടാക്കാതെ 1/385 A, 1/385 B എന്നീ നമ്പറുകൾ അനുവദിച്ച് നിർമ്മാണം ക്രമവത്കരിച്ച് നൽകിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 06/09.09.2021 ന് മറുപടിയായി രാജിയാക്കൽ ഫീസായി 4774/- രൂപ 121080100822 നമ്പർ രസീതി (തിയതി 10/09/2021 )പ്രകാരം അടവാക്കിയതായി അറിയിച്ചിട്ടുണ്ട്. രശീതിയുടെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-13 തെരുവ് വിളക്ക് പരിപാലനം-എല്ലാ വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തേണ്ടതാണ്

ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകൾക്ക് ഭാഗികമായി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ മീറ്ററിംഗ് പോയിന്റിനും ഒരോ കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ട്. ചിറ്റൂർ, കൊഴിഞ്ഞാമ്പാറ എന്നീ KSEB സെക്ഷനുകളിലെ തെരുവ് വിളക്കുകളിൽ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്തവ ഇപ്പോഴും ഉണ്ട്. പ്രസ്തുത കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്നു എന്ന നിഗമനത്തിലാണ് പഞ്ചായത്ത് വൈദ്യുതി ചാർജ് അടവാക്കി വരുന്നത്. തെരുവ് വിളക്കുകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം 13 വാർഡുകളിലായി താഴെ പറയുന്ന വിളക്കുകൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| തെരുവ് വിളക്കുകളുടെ തരം | എണ്ണം |
|---|---|
| ട്യൂബ് ലൈറ്റ്- 80w | 79 |
| ട്യൂബ് ലൈറ്റ്- 40w | 221 |
| എൽ ഇ ഡി | 228 |
| സോഡിയം വേപ്പർ ലാമ്പ് | 10 |
| സി എഫ് എൽ | 358 |
| ഹൈമാസ്റ്റ് | 1 |
| ആകെ | 897 |

തെരുവ് വിളക്കുകളുടെ രജിസ്റ്റർ പ്രകാരം 300എണ്ണം ട്യൂബ് ലൈറ്റുകളാണ് ഉള്ളത്. തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് 2020-21 ൽ ട്യൂബ് ലൈറ്റുകൾ, സി എഫ് എൽ എന്നിവയിൽ 500 എണ്ണം തെരുവ് വിളക്കുകൾ എൽ.ഇ.ഡി ആക്കിയിട്ടുണ്ട്. എന്നാൽ ആയതനുസരിച്ച് തെരുവ് വിളക്കു രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കേണ്ടതാണ്. 2020-21 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 429377 രൂപ തെരുവ് വിളക്കുകൾക്ക് വൈദ്യുത ചാർജ് അടവാക്കിയിട്ടുണ്ട്. ആയതിൽ മീറ്ററിംഗ് സംവിധാനമില്ലാത്ത തെരുവ് വിളക്കുൾക്കുള്ള വൈദ്യുത ചാർജ് 56064 രൂപ ഉൾപ്പെടുന്നുണ്ട്

മീറ്ററിംഗ് സംവിധാനമില്ലാത്തവയുടെ കൺസ്യൂമർ നം. ചുവടെ ചേർക്കുന്നു

| KSEB സെക്ഷൻ | കൺസ്യൂമർ നം. | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|
| ചിറ്റൂർ | 1165011001148* | 1727 |
| കൊഴിഞ്ഞാമ്പാറ | 1165029023362* | 2945 |

*മേൽ പറഞ്ഞ കൺസ്യൂമർ നമ്പറുകൾ പ്രകാരമുള്ള വിളക്കുകളുടെ എണ്ണം, തരം നിരക്ക് എന്നിവ വ്യക്തമാക്കുന്ന പട്ടിക ഓഡിറ്റിന് ലഭ്യമാക്കിയില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ടുള്ള അപാകതകളും പരിഹാരനിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു

1)മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്ത വിളക്കുകളുടെ കൃത്യമായ എണ്ണം കണ്ടെത്തുന്നതിനായി പഞ്ചായത്ത് അധികൃതരും, കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും ചേർന്ന് പഞ്ചായത്തിന്റെ പ്രവർത്തന മേഖലയിലുള്ള പ്രവർത്തനക്ഷമായവയും, അല്ലാത്തവയുടേയുമായ തെരുവ് വിളക്കുകളുടെ കണക്കുകൾ സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയിട്ടില്ല. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2)നിലാവ് പദ്ധതി പൂർണ്ണ തോതിൽ പ്രയോജനപ്പെടുത്തേണ്ടതാണ്

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പ്രവർത്തികമാക്കുവാനുള്ള അനന്തര നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.14/10-09-2021) മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 1-14 സാധന സാമഗ്രികൾ GeM മുഖേന വാങ്ങേണ്ടതാണ്

താഴെ പറഞ്ഞ പ്രൊജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

ടെണ്ടർ നടപടി ക്രമങ്ങളാണ് വാങ്ങൽ നടപടിയിൽ സ്വീകരിച്ചിരിക്കുന്നത്. 2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ അദ്ധ്യായം 19 (സ.ഉ (പി) നം.2/2018/SPD/28.04.18 പ്രകാരം കൂട്ടിചേർത്തത്) പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവയുടെ വാങ്ങലുകൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ സമാഹരണ പദ്ധതിയായ GeM (ഗവൺമെന്റ് ഇ- മാർക്കറ്റ് പ്ലേസ്) ൽ ലഭ്യമാണെങ്കിൽ ജെം മുഖേന മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ് എന്ന നിർദ്ദേശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 1-14-1, 1-14-2 എന്നിവ കാണുക.

ഓഡിറ്റ് നിർദ്ദേശം

• G.O(P)No.7/19/SPD Dated 26-4-2019 പ്രകാരം 25000 രൂപക്ക് മുകളിലുള്ള എല്ലാ സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന സമാഹരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിക്കേണ്ടതാണ്.

•സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർ പർച്ചേസ് മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/10.09.21) GeM വഴി സാധനങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം കാരണമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.

1-14-1 എസ്.സി.കുടുംബങ്ങൾക്ക് പി.വി.സി വാട്ടർ ടാങ്ക് വാങ്ങി നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ -25/24-10-20

അടങ്കൽ -375000 (പദ്ധതി വിഹിതം -എസ്.സി.പി -300000 ഗു.വി -75000)

ചെലവ് -235875 (പദ്ധതി വിഹിതം -എസ്.സി.പി -176885 ഗു.വി -58990)

'പി.വി.സി വാട്ടർ ടാങ്ക് നൽകൽ എസ്.സി.പി' (പ്രോജക്റ്റ് നം.164/21) എന്ന പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത Selzer Polymers എന്ന സ്ഥാപനത്തിന് 85 വാട്ടർ ടാങ്ക് (ISI Plastic Water Tank Black 500L) സപ്ലൈ ചെയ്തതിന് 235875 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ -4453/SP/20-21 Dt 10.09.20- 166500

ഇൻവോയ്സ് നമ്പർ -4454/SP/20-21 Dt 10.09.20- 69375

1-14-2 തെരുവ് വിളക്ക് എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ - 5/14-05-20-85000, 6/14-05-20-85000, 7/14-05-20-85000, 8/14-05-20-85000, 9/14-05-20-85000

അടങ്കൽ -459505 (പദ്ധതി വിഹിതം -ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 425000 (പദ്ധതി വിഹിതം -ധനകാര്യ കമ്മീഷൻ അവാർഡ്)

'തെരുവ് വിളക്ക് എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കൽ' (പ്രോജക്റ്റ് നം.143/21) എന്ന പ്രൊജക്ടിന് ടെണ്ടർ വിളിക്കുകയും കുറവ് തുക ക്വാട്ട് ചെയ്ത Selzer Polymers എന്ന സ്ഥാപനത്തിന് 500 എൽ ഇ ഡി ബൾബുകൾ (23W LED Bulb With All Fittings) സപ്ലൈ ചെയ്തതിന് 425000 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

ഇൻവോയ്സ് നമ്പർ - GST-032 Dt 01.02.20- 85000

ഇൻവോയ്സ് നമ്പർ - GST-032 Dt 03.02.20- 85000

ഇൻവോയ്സ് നമ്പർ - GST-032 Dt 04.02.20- 85000

ഇൻവോയ്സ് നമ്പർ - GST-032 Dt 05.02.20- 85000

ഇൻവോയ്സ് നമ്പർ - GST-032 Dt 06.02.20- 85000

1-15 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ -അവലോകനം

ഗ്രാമപഞ്ചായത്തിൽ നാളിതുവരെ നടന്ന പ്രവർത്തനങ്ങളുടെ വിവരം

1. 29.3.2020 മുതൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ചു തുടങ്ങി. സിഡിഎസ് ചെയർ പേഴ്സൺ, വി.ഇ.ഒ. എന്നിവരാണ് ഭക്ഷണ ക്രമീകരണത്തിന്റെ ചുമതലകൾ വഹിച്ചത്. കുടുംബശ്രീയുടെ ഉടമസ്ഥതയിലുള്ള സുഭിക്ഷ ജനകീയ ഹോട്ടൽ പ്രവർത്തനമാരംഭിച്ചതോടെയാണ് കമ്മ്യൂണിറ്റി കിച്ചൺ നിർത്തലാക്കിയത്.

2. പഞ്ചായത്ത് തലത്തിൽ അഞ്ചു പേർ ഉൾപ്പെടുന്ന ഹെൽപ് ഡെസ്ക് കല്ലുകുട്ടിയാൽ ജംഗ്ഷനിലുള്ള വയോക്ലബ് കെട്ടിടത്തിൽ 6.5.2021 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്.

3. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറും ആയി 14 പേർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റി ആണ് പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നത്.

4. എഫ്.എൽ.ടി.സി. കെട്ടിടം 30.6.2021മുതൽ ഡൊമിസിലിയറി കെയർ സെന്റർ ആയി ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ താൽക്കാലികാടിസ്ഥാനത്തിൽ 4 ആരോഗ്യ പ്രവർത്തികരെയും ശുചിത്വ പ്രവർത്തകരേയും നിയോഗിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് വാങ്ങിയ 17പൾസ് ഓക്സീമീറ്ററും സംഭാവനയായി ലഭിച്ച 10 എണ്ണവും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പി.എച്ച്.സി.ക്ക് കൈമാറിയിട്ടുണ്ട്. നിലവിൽ പൾസ് ഓക്സീമീറ്ററിന് ക്ഷാമം നേരിടുന്നില്ല.

5. നാളിതു വരെ 8001രൂപയാണ് സംഭാവന ഇനത്തിൽ ലഭിച്ചത്. ഇത് തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കോവിഡ് വരവു ചെലവുകൾ നടത്തുന്നതിനായി പ്രത്യേക അക്കൗണ്ട് ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

6. ക്ഷേമ കാര്യ കമ്മിറ്റി കോവിഡ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുണ്ട്.

2020-21ൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രൊജക്ടുകൾ നടപ്പാക്കിയിരുന്നില്ല. 2021-22 വർഷത്തിൽ മൂന്ന് പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രൊജക്ടുകളുടെ വിവരവും 2021-22ൽ പ്രൊജക്ടുകൾ പ്രകാരം നാളിതുവരെയുള്ള ചെലവും താഴെ കൊടുക്കുന്നു.

1. പ്രൊജക്ട് നം. 131/22 -കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

അടങ്കൽ ₹200000- വികസന ഫണ്ട്

ചെലവ് - ₹.154087 -

2. പ്രൊജക്ട് നം. 121/22-CFLTC അടിസ്ഥാന ചെലവുകൾ -ബ്ലോക്ക് വിഹിതം നൽകൽ

അടങ്കൽ ₹1000000- തനതു ഫണ്ട്

ചെലവ് - ₹.500000

3. പ്രൊജക്ട് നം. 193/22 -CFLTC അടിസ്ഥാന ചെലവുകൾ

അടങ്കൽ ₹208000- (108000 വികസന ഫണ്ട്, 100000തനതു ഫണ്ട്)

ചെലവ് - ₹.0

പ്രവർത്തനങ്ങൾ ഇപ്പോഴും നല്ല രീതിയിൽ നടന്നുവരുന്നുണ്ട്.

## 1-16 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കും മറ്റുമായി ഗ്രാമ പഞ്ചായത്ത് വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയ തുക (₹) | ട്രഷറി ബിൽ നം. |
|---|---|---|---|---|
| കേരള ജല അതോറിറ്റി | 24/21, കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 1620000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 1500000 | 57/29-03-21 |
| കേരള ജല അതോറിറ്റി | 138/21, കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (സ്പിൽ ഓവർ | 1600000 (ധനകാര്യ കമ്മീഷൻ അവാർഡ്) | 1600000 | 33/15-01-21 (₹ 1047492), 47/22-03-21 (₹ 552508) |
| കെ.എസ്.ഇ.ബി | 139/21, തെരുവ് വിളക്ക് ലൈൻ | 1152205 (ധനകാര്യ | 787839 | 10/14-05-20 (₹ 188020), |

| | | | | |
|---|---|---|---|---|
| | ഘടിപ്പിക്കൽ (ജി എസ് ടി ഉൾപ്പെടെ) (സ്പിൽ ഓവർ | കമ്മീഷൻ അവാർഡ്) | | 14/10-06-20 (₹ 599819) |
| ഭൂജല വകുപ്പ് | 169/21 ചൂരിക്കാട് എസ് സി കുടിവെള്ള പദ്ധതിക്ക് കുഴൽ കിണർ നിർമ്മാണം | 120000 (എസ് സി പി) | 100200 | 38/20-01-21 |
| ജില്ലാപഞ്ചായത്ത് | 5/21, എ ബി സി പ്രോഗ്രാം | 350000 (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) | 350000 | 32/15-11-20 |

നാളിതുവരെയും പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/09-09-2021) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-ലഭ്യമായ തുക മുഴുവനും ചെലവഴിച്ചില്ല

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി ജില്ലാകളക്ടറിൽ നിന്നും 300000 രൂപ ലഭിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കത്ത് നം. & തീയതി | ലഭിച്ച തുക | ചെലവഴിച്ച തുക (@ 30000) | ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | വൗച്ചർ നം. & തീയതി |
|---|---|---|---|---|---|
| 1 | DC/Pkd/4561/2019-J1(12), Dated-23-07-2019 | 150000 | 150000 | 5 | 22000311/23-07-2020 |
| 2 | DC/Pkd/45618/2020-J1, Dated-30-03-2021 | 150000 | 120000 | 4 | 22001143/31-03-2021 |
| | ആകെ | 300000 | 270000 | 9 | |

ക്രമ നം.2 പ്രകാരം 150000 രൂപ ലഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ആയതിൽ നാളിതുവരെ ചെലവഴിച്ച തുക 120000 രൂപയാണ്. ചെലവഴിക്കാത്ത തുക 30000 രൂപ തിരിച്ചടക്കുന്നതിനു പകരം നാളിതുവരെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിനും, ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് തന്നെ തുക ആവശ്യപ്പെടുന്നതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/09-09-2021) മറുപടിയായി ചെലവഴിക്കാത്ത തുക തിരികെ ട്രഷറിയിൽ അടവാക്കി (KL010564970202122/13-09-2021) ചലാൻ പരിശോധനയ്ക്ക് ഹാജരാക്കി. ആയതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു മുമ്പ് തന്നെ തുക ആവശ്യപ്പെടുന്ന നടപടികൾ ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - കമ്പ്യൂട്ടർ നാളിതുവരെയും വിതരണം ചെയ്തിട്ടില്ല

പ്രോജക്റ്റ് നമ്പരും, പേരും- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങി നൽകൽ

അടങ്കൽ- 200000 (പ്ലാൻ ഫണ്ട്-എസ്.സി.പി)

ചെലവ്- 190603 (ബിൽ നം.51/29-03-2021)

നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം CPRCS മുഖേന 27229രൂപ നിരക്കുള്ള 7 ലാപ്പ്ടോപ്പ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിലേക്കായി 190603 രൂപ (കെ.എസ്.ഇ.ഡി.സി ക്ക്) മുൻകൂറായി 29-03-2021 അയച്ചുകൊടുത്തതിൽ കമ്പ്യൂട്ടർ ഗ്രാമപഞ്ചായത്തിൽ ലഭ്യമാക്കിയത് നാളിതുവരെയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടില്ല. ലാപ്ടോപ്പ് കമ്പ്യൂട്ടറുകൾ എത്രയും പെട്ടെന്ന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/10-09-2021) ലാപ്ടോപ്പ് സ്പെസിഫിക്കേഷൻ ടെക്നിക്കൽ സ്റ്റാഫ് പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടെന്നും ലാപ്ടോപ് കമ്പ്യൂട്ടർ ഉടനെ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലാപ്ടോപ് ഉടനെ വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(Vi) പ്രകാരം സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.

2020-21 -ൽ അനുപൂരക പോഷകാഹാര വിതരണം സംബന്ധിച്ച് തഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| പദ്ധതിയുടെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|
| 51/21 അങ്കണവാടി പോഷകാഹാര പദ്ധതി-ജനറൽ | പ്ലാൻ ജനറൽ | 500000 | 500000 |
| | കേന്ദ്ര ഫണ്ട് | 500000 | 424293 |
| | ആകെ | 1000000 | 924293 |
| 52/21 അങ്കണവാടി പോഷകാഹാര പദ്ധതി-എസ്.സി.പി | എസ്.സി.പി | 1500000 | 694066 |
| | കേന്ദ്ര ഫണ്ട് | 500000 | 500000 |
| | ആകെ | 2000000 | 1194066 |

പ്രോജക്റ്റ് നം. 51/21 പ്രകാരം 426827/- രൂപയും പ്രോജക്റ്റ് നം. 52/21 പ്രകാരം 900656/- രൂപയും അമ്മു ഫുഡ്സ്, കല്ലേക്കാട് റോഡ്, കൊടുന്തിരപ്പുള്ളി, പാലക്കാട്-678004 (കുടുംബശ്രീയൂണിറ്റ്- GSTIN :32ATQPB1192F1ZZ) എന്ന സ്ഥാപനത്തിന്റെ 1443201000184 SBIN 0001443 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. മേൽ വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

ജിഎസ്ടി ടിഡിഎസ് കുറവ് ചെയ്ത്മാത്രം ബിൽ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.21/13.09.2021)

## 1-20 ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും അനുവദിച്ചു

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷനിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 21.07.2018-ലെ 334/ഡി.സി.1/18/തസ്വഭവ സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ (റെട്രോഫിറ്റിംഗ്) പദ്ധതി ബിപിഎൽ കുടുംബങ്ങൾക്ക് മാത്രമാണ് അനുവദിക്കാവുന്നത്. 5000/- രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിൽ നിന്നും 4240/- രൂപ പ്ലാൻ/തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്. 2020-21 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം./ പേര് | 158/21, ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ് (SO) | | |
|---|---|---|---|
| | ഫണ്ടിനം | അടങ്കൽ | ചെലവ് |
| | പ്ലാൻ ഫണ്ട് ജനറൽ | 213665 | 194040 |
| | കേന്ദ്രാവിഷ്കൃതം | 313015 | 310680 |
| | ആകെ | 526680 | 504720 |

മേൽ പദ്ധതി പ്രകാരം 63 ഗുണഭോക്താക്കൾക്കാണ് റെട്രോഫിറ്റിംഗിനായി തുക അനുവദിച്ചിട്ടുള്ളത്. ആയതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ (ബിപിഎൽ) ഉൾപ്പെടുന്നില്ല.

| ക്രമ നം | ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. | പേര് | റേഷൻ കാർഡ് നം |
|---|---|---|---|
| 1 | 75 | സരസ്വതി | 1946004139 |
| 2 | 78 | രാധ | 1946062785 |
| 3 | 27 | സിന്ധു | 1946120141 |
| 4 | 66 | രാധ | 1946131869 |
| 5 | 94 | പ്രബലാമണി | 1946062780 |
| 6 | 12 | ലക്ഷ്മി | 1946061964 |
| 7 | 22 | മുരുകൻ | 1946063760 |
| 8 | 90 | സരസ്വതി | 1946061708 |
| 9 | 100 | ജാനകി | 1946062635 |
| 10 | 115 | പാഞ്ചാലി | 1946062114 |
| 11 | 97 | പരമേശ്വരൻ | 1946092775 |
| 12 | 117 | സുമിത്ര | 1946062845 |
| 13 | 54 | മണികണ്ഠൻ | 1946137550 |
| 14 | 112 | ഭാഗ്യവതി | 1946092855 |
| 15 | 113 | കല്യാണി | 1946092840 |
| 16 | 111 | ഗിരിജ | 1946151534 |
| 17 | 122 | ലക്ഷ്മി | 1946114903 |
| 18 | 104 | അംബിക | 1946062971 |

മേൽ പട്ടികയിലെ 18 ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം പൊതുവിഭാഗത്തിൽ (സബ്സിഡി) ഉൾപ്പെടുന്നവരാണ്. ബിപിഎൽ വിഭാഗത്തിലാണെന്നതിന് മറ്റ് രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 24/13.09.2021-ന് ഫീൽഡ് പരിശോധന നടത്തി അന്തിമമാക്കിയ, ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട, അർഹതപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും വരുമാന സർട്ടിഫിക്കറ്റ് പരിശോധിച്ച് ഉറപ്പാക്കിയ

ശേഷമാണ് ആനുകൂല്യം അനുവദിച്ചതെന്നും നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്.

മുൻഗണനാ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ മുൻഗണന തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
()

1-21 പ്രൊജക്ട് നിർവ്വഹണം കാര്യക്ഷമമാക്കണം

കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ട് നം. 7/2021: നെൽ വിത്ത് വിതരണം എന്ന പ്രൊജക്ട് പ്രകാരം 392.16 ഹെക്ടർ കൃഷിക്കായി 29412 കിലോ ഗ്രാം നെൽ വിത്ത് വാങ്ങിക്കാനാണ് ലക്ഷ്യമിട്ടത്. 27640 കിലോ ഗ്രാം വിത്ത് മാത്രമാണ് ലഭ്യമായത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.17/10-09-2021) മറുപടിയിൽ 1772 കിലോ ഗ്രാം ജയ ഇനം നെൽ വിത്തിന് നാഷനൽ സീഡ് കോർപ്പറേഷന് ഇന്റന്റ് നൽകിയെങ്കിലും വിത്ത് സമയത്തിന് ലഭ്യമായില്ല എന്ന് അറിയിച്ചിട്ടുണ്ട്. ₹1191186/- അടങ്കലായുള്ള പ്രൊജക്ടിനായി പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും ₹500000/- ഗുണഭോക്തൃവിഹിതം ₹691186/- എന്നിങ്ങനെയാണ് വകയിരുത്തിയത്. വികസന ഫണ്ടിൽ നിന്നും ₹470730/- (ബിൽ നം.4/7.10.20) ഗുണഭോക്തൃവിഹിതം ₹65075/- എന്നിങ്ങനെ ആകെ ₹1121445/- ആണ് ചെലവഴിച്ചത്.

* പ്രൊജക്ട് ആവിഷ്കരിക്കുന്നത് മുതൽ സമയക്രമം പാലിച്ച് ഗുണഭോക്താക്കൾക്ക് യഥാ സമയം അർഹതപ്പെട്ട സബ്സിഡി മുഴുവനായും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

* നടപ്പാക്കുന്ന പ്രൊജക്ടുകളുടെ ഫയലിനോടൊപ്പം മോണിറ്ററിങ് റിപ്പോർട്ടുകൂടി ലഭ്യമാക്കേണ്ടതാണ്.

1-22 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ- 26/21 കന്നുകുട്ടി പരിപാലന പദ്ധതി
നിർവഹണം- വെറ്റിനറി സർജൻ
അടങ്കൽ : 6,25,000/- (വികസന ഫണ്ട്-3,12,500 + ഗുണഭോക്തൃ വിഹിതം 3,12,500)
ചെലവ് : 3,12,500/- (ബിൽ നം 3/20-21 തീയതി 29.03.2021)

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 25 ഗുണഭോക്താക്കളുടെ വിഹിതമായ 3,12,500/-രൂപ പാലക്കാട് എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയറക്ടറുടെ 71402100000008 നമ്പർ ട്രഷറി അക്കൗണ്ടിലേക്ക് NEFT മുഖേന നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/08.09.2021) പദ്ധതി 2021 ജൂൺ മാസം മുതൽ തുടങ്ങിയിട്ടുണ്ടെന്നും നാളിതുവരെ എൻറോൾ ചെയ്ത കന്നുകുട്ടികളൊന്നും മരണപ്പെട്ടിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.
പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-23 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അധികം നൽകിയത് തിരിച്ചടയ്ക്കേണ്ടതാണ്

പ്രോജക്ട്.നം: 135/2020 (Spill Over) വനിത (SC) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
നിർവഹണോദ്യോഗസ്ഥൻ: ഡയറി എക്സ്റ്റൻഷൻ ഓഫീസർ

ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന വനിത (SC) ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത് . 14.02.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം. 22/2018/ത.സ്വ.ഭ.വ. പ്രകാരം ഒരു ലിറ്റർ പാലിന് 3 നിരക്കിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ 4 രൂപ) സബ്സിഡി നൽകാവുന്നതാണ്. എന്നാൽ പൊൽപ്പുള്ളി ക്ഷീരസഹകരണ സംഘത്തിലെ വനിതാ ക്ഷീരകർഷകർക്ക് 7 രൂപ നിരക്കിൽ നൽകിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുകയായ 91,864/ രൂപ നിർവഹണോദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1ൽ പരാമർശിച്ചിട്ടുണ്ട്.

1-24 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി- ആവശ്യമായ തുക വകയിരുത്തേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി അവർ അളക്കുന്ന പാലിന്

ആനുപാതികമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ കണ്ടെത്തിയവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്ട്.നം. | 61/2020 – ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി -ജനറൽ |
| അടങ്കൽ | 5,00,000/- രൂപ<br>1,00,000/- ജില്ലാ പഞ്ചായത്ത് വിഹിതം<br>3,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>1,00,000/- വികസന ഫണ്ട് |
| ചെലവ് | 1,42,697/- രൂപ (വികസന ഫണ്ട്- 84,737/- ജില്ലാ പഞ്ചായത്ത് വിഹിതം - 57,960/- ) |
| ബിൽ നമ്പർ | 10/2020-21 Dated27.03.2021 Amount-84737<br>11/2020-21 Dated 27.03.2021 Amount-50879<br>12/2020-21 Dated 29.03.2021 Amount - 7081 |

1. 2020 ഏപ്രിൽ, മെയ് വരെയുള്ള രണ്ട് മാസകാലയളവിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. ഏപ്രിൽ മാസത്തിൽ 2.86 രൂപ നിരക്കിലും മെയ് മാസത്തിൽ 1.5 രൂപ നിരക്കിലുമാണ് സബ്സിഡി നൽകിയിരിക്കുന്നത്. പദ്ധതി കാലയളവിലെ 06/2020 മുതൽ 03/2021 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.22/2018 തസ്വഭവ, തീയതി. 14.02.2018 പ്രകാരം ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ 4രൂപ നിരക്കിൽ പരമാവധി സബ്സിഡി ₹ 40,000/- ഒരു കർഷകന് നൽകാവുന്നതാണ് എന്നിരിക്കെ പദ്ധതി കാലയളവിലെ 06/2020 മുതൽ 03/2021 വരെയുള്ള മാസങ്ങളിൽ ക്ഷീര സംഘങ്ങളിൽ പാൽ നൽകിയ കർഷകർക്കു സബ്സിഡി നൽകുവാൻ ആവശ്യമായ തുക പ്രൊജക്ടിൽ വകയിരുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.

2. ക്ഷീരവികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തൻവർഷം ലഭ്യമായിട്ടില്ല.

3.ബ്ലോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.08.2021 ന് മറുപടി ലഭിച്ചിട്ടില്ല.

## 1-25 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ -- മരുന്നുകൾ ലഭ്യമായിട്ടില്ല.

ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഹോംകോയിൽനിന്നും മരുന്ന് വാങ്ങുന്നതിനാണ് പ്രൊജക്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. പ്രോജക്റ്റിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് | ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ (38/2020-21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയൊ) |
| അടങ്കല് | 3,00,000/- |
| ചെലവ് | 3,00,000/- |
| ബിൽ നം. തിയ്യതി | 1/ 20.01.2021- 3,00,000 രൂപ. |

3,00,000/- രൂപ ഹോംകോയ്ക്ക് 20.01.2021 തിയതിയിൽ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഇതുവരെയായും 68,427/- രൂപയുടെ മരുന്നുകൾ മാത്രമാണ് 01.06.2021 Iതിയതിയിൽ Nvoice No. LF 435 പ്രകാരം ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ നാളിതുവരെയായും ലഭ്യമായിട്ടില്ല. മരുന്നുകൾ സമയാസമയമം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.08.2021 ന് മറുപടിയായി ഹോംകോയ്ക്ക് മരുന്നുകൾ ലഭ്യമാക്കണം എന്നാവശ്യപ്പെട്ട് 03/02/2021,/25/05/2021,/01/09/2021 എന്നീ തിയതികളിൽ കത്തുകൾ നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-26 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 97പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 64 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ഇതിൽ 52 പ്രവൃത്തികൾ സ്പിൽ ഓവർ പ്രവൃത്തികളും 45 പ്രവൃത്തികൾ പുതിയ പ്രവൃത്തികളുമാണ്. ₹. 34733712 വകയിരുത്തിയതിൽ ₹.21623159 ആണ് ചെലവഴിച്ചിട്ടുള്ളത്. 62.25% ആണ് തൻവർഷത്തെ ആകെ ചെലവ്. ₹.13110553 പദ്ധതികൾ നടപ്പിലാക്കാത്തതിനാൽ നഷ്ടമായി. മേഖല തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ലാപ്സായ തുക |
|---|---|---|---|
| പൊതുവിഭാഗം (സാധാരണ വിഹിതം) | 321182 | 46082 | 275100 |
| പൊതുവിഭാഗം (എസ്.സി.പി) | 2250500 | 1407478 | 843022 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6896030 | 2957070 | 3938960 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 693000 | 249000 | 444000 |
| തനതു ഫണ്ട് | 175000 | 163207 | 11793 |
| മെയി.ഫണ്ട് (റോഡ്) | 22901000 | 15715588 | 7185412 |
| | | | |

| | | | |
|---|---|---|---|
| മെയി.ഫണ്ട് (നോൺ-റോഡ്) | 1497000 | 1084734 | 412266 |
| ആകെ | 34733712 | 21623159 | 13110553 |

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

3. താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

- പ്രൊജക്ട് നം. 181/21-കളിമുട്ടം റോഡ് റീടാറിംഗ്
- പ്രൊജക്ട് നം. 186/21- തെയ്യത്താൻകാട് റോഡ് സൈഡ് സംരക്ഷണം
- പ്രൊജക്ട് നം. 189/21- കുപ്പൻകടത്തുകാവ് റോഡ് സൈഡ് സംരക്ഷണം
- പ്രൊജക്ട് നം. 192/21- മലമുറി തോടിനു കുറുകെ നടപ്പാലം നിർമ്മാണം
- പ്രൊജക്ട് നം. 193/21- മാതപ്പറമ്പ് അലങ്കാര തോടിനു കുറുകെ സ്ലാബ് നിർമ്മാണം
- പ്രൊജക്ട് നം. 195/21 – മാതപറമ്പ് പൂത്തംപുള്ളി അങ്കണവാടികളിൽ ശിശു സൌഹൃദ ടോയ്‌ലറ്റ്
- പ്രൊജക്ട് നം. 202/21 – ചക്കരക്കുളം കലുങ്ക് നിർമ്മാണം
- പ്രൊജക്ട് നം. 204/21 – ചൂരിക്കാട് ചിറവട്ടം, പുതുക്കുടി, പതി അങ്കണവാടികളിൽ ശിശു സൌഹൃദ ടോയ്‌ലറ്റ് നിർമ്മാണം
- പ്രൊജക്ട് നം. 210/21 – പാറമൂളിപ്പറമ്പ് എസ്.സി. കുടിവെള്ള പദ്ധതിക്കുവേണ്ടി മോട്ടോറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കൽ
- പ്രൊജക്ട് നം. 214/21 – വലിയകാട് കുടിവെള്ള പദ്ധതി

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി 2020-21 വർഷം വകയിരുത്തിയ തുകകൾ തൻവർഷം ചെലവഴിച്ചിട്ടില്ല.

- പ്രൊജക്ട് നം. 107/21 – അംഗൻവാടികളിൽ പ്ലംബിംഗ് നടത്തി വാട്ടർ ടാങ്ക് സ്ഥാപിക്കൽ
- പ്രൊജക്ട് നം. 109/21 -വിവിധ അംഗൻവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ്മേൽ പ്രൊജക്ടുകൾ നടപ്പിലാക്കാതിരുന്നതിന് കാരണവും മേൽ പദ്ധതികൾ നടപ്പിലാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/10.9.21ന് പ്രൊജക്ട് നം. 186/21, 189/21, 192/21 എന്നീ പ്രവൃത്തികൾ കനാലുകളുടെയും കൃഷിയിടങ്ങളുടെയും സമീപത്താണ് സ്ഥിതി ചെയ്യുന്നത് എന്നും കൊയ്ത്തു നടത്തിയ ശേഷമേ സൈറ്റിലേക്ക് സാധനസാമഗ്രികൾ ഇറക്കാൻ കഴിയുകയുള്ളൂ എന്നും ഏപ്രിൽ-മെയ് മാസങ്ങളിൽ വരെ പ്രവൃത്തി നടത്തുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും പ്രൊജക്ട് നം. 192, 202, 210, 214 എന്നീ പദ്ധതികൾ ഭരണസമിതി ഉപേക്ഷിക്കാൻ തീരുമാനമെടുത്തെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രൊജക്ട് നം. 109, 195, 204 – അംഗൻവാടികളിൽ ഒരു ടോയ്‌ലറ്റ് മാത്രം നിലവിലുണ്ടായിരുന്നതിനാൽ ബേബി ഫ്രെണ്ട്‌ലി ടോയ്‌ലറ്റ് ആയി പരിണമിപ്പിക്കുന്നതിന് തടസ്സങ്ങൾ നേരിട്ടതിനാൽ പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും പ്രൊജക്ട് നം. 107/21 പ്ലംബിംഗ് പ്രവൃത്തിയിൽ എസ്റ്റിമേറ്റ് റിവിഷൻ വേണ്ടിയിരുന്നതിനാൽ ഇലക്ഷൻ പെരുമാറ്റ ചട്ടം വന്നത് ഭരണ സമിതി തീരുമാനം എടുക്കുന്നതിന് തടസ്സമായി വന്നു എന്നും അറിയിച്ചിട്ടുണ്ട്.

5. ആസ്തി രജിസ്ററർ 2019 മാർച്ച് മാസം വരെയെ കാലികമാക്കിയിട്ടുള്ളൂ.

6. ടെണ്ടർ രജിസ്റ്ററിൽ ഭരണ സമിതി തീരുമാനം/തിയതി എഴുതുന്നില്ല.

7. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ളേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഡിസ്പ്ളേ ബോർഡ് സ്ഥാപിച്ചിട്ടില്ല.

8. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്നില്ല.

9. എ. പ്രോജക്റ്റുകളുടെ ആധിക്യം

സ്പിൽഓവർ പ്രോജക്റ്റുകളുടേയും കുറഞ്ഞ അടങ്കലുള്ള പ്രോജക്റ്റുകളുടേയും ആധിക്യം തൻവർഷത്തെ ചെലവ് ശതമാനം കുറയുവാനും പല പ്രവൃത്തികളും അടുത്ത വർഷത്തേക്ക് സ്പിൽഓവർ ആകുവാനും ഇടയാക്കിയിട്ടുണ്ട്. തൻവർഷം അംഗീകാരം ലഭിച്ച 97 മരാമത്ത് പ്രവൃത്തികളിൽ 52എണ്ണം (54%) സ്പിൽഓവർ പ്രോജക്റ്റുകളാണ്.

ബി. മരാമത്ത് പ്രവൃത്തികളുടെ സ്വഭാവം

റോഡ് കോൺക്രീറ്റിംഗിനും ടാറിംഗ് പദ്ധതികൾക്കുമാണ് തൻവർഷം മുൻഗണന നൽകിയിട്ടുള്ളത്. തൻവർഷം ഏറ്റെടുത്ത 97 മരാമത്ത് പ്രവൃത്തികളിൽ 41എണ്ണം ടാറിംഗും 12 എണ്ണം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുമാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/10.9.21ന് അപാകതകൾ പരിഹരിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതും നടപ്പിലാക്കുന്ന പ്രവൃത്തികൾ തുടർ വർഷങ്ങളിൽ പൂർത്തീകരിച്ച് വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ആവിഷ്കരിക്കുന്ന പദ്ധതികൾ അതാത് വർഷം തന്നെ നടപ്പിലാക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 പൊതു മരാമത്ത് പ്രവൃത്തികൾ- സെലക്ഷൻ നോട്ടീസ് നിശ്ചിത സമയ പരിധിക്കുള്ളിൽ അയക്കുന്നില്ല

2012ലെ കേരള പി.ഡബ്ലിയു.ഡി മാന്വൽ ഖണ്ഡിക 2009-6 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയതി നോട്ടീസ് കൈപ്പറ്റിയ തിയതിയായി കണക്കാക്കുന്നതാണ്. എന്നാൽ മേൽ നിബന്ധന പാലിക്കാതെയാണ് പൊതു മരാമത്ത് പ്രവൃത്തികളുടെ സെലക്ഷൻ നോട്ടീസ് അയക്കുന്നത്. മിക്ക പ്രവൃത്തികളുടെയും സെലക്ഷൻ നോട്ടീസ് നിശ്ചിത സമയ പരിധിക്കു ശേഷമാണ് അയക്കുന്നത്. ഉദാ:- താഴെ കൊടുക്കുന്നു.

| ഭരണ സമിതി തീരുമാനം നം. തിയതി | സെലക്ഷൻ നോട്ടീസ് അയച്ച തിയതി |
|---|---|
| 1(3) -23.11.2018 | 4.12.2018 |
| 1(1) -6.9.2019 | 18.9.19 |
| 1(7) -30.11.2019 | 10.12.19 |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/10.9.21, 19/10.9.21 എന്നിവയ്ക്ക് സെലക്ഷൻ നോട്ടീസ് സമയ ബന്ധിതമായി അയക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിച്ച് ഉറപ്പ് വരുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ടെണ്ടർ സ്വീകരിച്ചതായ നിയമ പ്രകാരമുള്ള അറിയിപ്പ് കേരള പി.ഡബ്ലിയു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്.

1-28 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 215/21 -ആയുർവേദ ആശുപത്രി ടോയ്‌ലറ്റ് നിർമ്മാണം<br>അടങ്കൽ - 249000- കേന്ദ്രാവിഷ്കൃതം<br>25000- തനതുഫണ്ട്<br>APAC- 257410<br>കരാറുകാരൻ - ശ്രീ.വി.രാജേഷ്<br>എഗ്രിമെന്റ് നം.: 53/11.1.2019<br>ഭരണ സമിതി തീരുമാനം : 23.11.2018 1(3) | 4-12-2018 | 17-12-2018 | 11-1-2019 | 2574 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 2574 |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/10.9.21 ന് എഗ്രിമെന്റ് വൈകിയതിനുള്ള പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം - സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2018-19 വർഷം അംഗീകാരം വാങ്ങി എഗ്രിമെന്റ് വെച്ച താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 2020-21 വർഷത്തിലാണ്.

SO216/19, 215/21– ആയുർവേദ ആശുപത്രി ടോയ്‌ലറ്റ് നിർമ്മാണം

അടങ്കൽ - 249000-കേന്ദ്രാവിഷ്കൃതം

25000-തനതുഫണ്ട്

കരാറുകാരൻ - ശ്രീ.വി.രാജേഷ്

എഗ്രിമെന്റ് നം.: 53/11.1.2019(പൂർത്തീകരണ കാലാവധി - 6 മാസം)

അളവു പുസ്തകം - 44/19-20, 58/19-20

ചെലവ് - 265565 ( വൌച്ചർ നം. 22000802/4.1.21)

11.1.2019ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 21.8.2020നാണ്. പ്രവൃത്തി പൂർത്തീകരണത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഇല്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി ബിൽ തുക സമയബന്ധിതമായി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/10.9.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
- പ്രവൃത്തികൾ PWD മാന്വലിലെ സമയക്രമത്തിനനുസരിച്ച് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വകയിരുത്തിയ തുക ലാപ്സാവാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.
- പ്രവൃത്തികൾ വർഷങ്ങളായി നീണ്ടുപോകുന്ന പ്രവണത ഒഴിവാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.
- പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും മോണിറ്ററിംഗ് നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

## 1-30 ടേക്ക് എ ബ്രേക്ക് കേന്ദ്രം -പ്രവൃത്തി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 227/21- ടേക്ക് എ ബ്രേക്ക് കേന്ദ്രം.

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹.600000 [₹.180000 (ധനകാര്യ കമ്മീഷൻ ഗ്രാ

2018-19 വർഷം അംഗീകാരം വാങ്ങി എഗ്രിമെന്റ് വെച്ച താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 2020-21 വർഷത്തിലാണ്.

SO216/19, 215/21– ആയുർവേദ ആശുപത്രി ടോയ്‌ലറ്റ് നിർമ്മാണം

അടങ്കൽ - 249000-കേന്ദ്രാവിഷ്കൃതം

25000-തനതുഫണ്ട്

കരാറുകാരൻ - ശ്രീ.വി.രാജേഷ്

എഗ്രിമെന്റ് നം.: 53/11.1.2019(പൂർത്തീകരണ കാലാവധി - 6 മാസം)

അളവു പുസ്തകം - 44/19-20, 58/19-20

ചെലവ് - 265565 ( വൌച്ചർ നം. 22000802/4.1.21)

11.1.2019ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത് 21.8.2020നാണ്. പ്രവൃത്തി പൂർത്തീകരണത്തിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള കരാറുകാരന്റെ അപേക്ഷ, എ.ഇ യുടെ ശുപാർശ എന്നിവ ഇല്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി ബിൽ തുക സമയബന്ധിതമായി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/10.9.21 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

- അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
- പ്രവൃത്തികൾ PWD മാന്വലിലെ സമയക്രമത്തിനനുസരിച്ച് പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വകയിരുത്തിയ തുക ലാപ്സാവാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.
- പ്രവൃത്തികൾ വർഷങ്ങളായി നീണ്ടുപോകുന്ന പ്രവണത ഒഴിവാക്കേണ്ടതും വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തേണ്ടതുമാണ്.
- പ്രവൃത്തികൾ സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും മോണിറ്ററിംഗ് നടപടികൾ കാര്യക്ഷമമാക്കേണ്ടതുമാണ്.

ന്റ്) + ₹.420000 (കേന്ദ്രാവിഷ്കൃത ഫണ്ട് )]

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ., തിയതി, 20-2-2020, സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പെടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും ഉയർന്ന നിലവാരമുള്ള രണ്ട് പൊതു ശുചിമുറി സമുച്ചയങ്ങൾ വീതം നിർമ്മിക്കുക (ഗ്രാമപഞ്ചായത്ത് ഓഫീസ് പരിസരത്ത് ഒന്നും, സംസ്ഥാന/ദേശീയ പാതയോരങ്ങൾ, വാണിജ്യ കേന്ദ്രങ്ങൾക്ക് സമീപം, ബസ് സ്റ്റോപ്പ്/ബസ് സ്റ്റാന്റ് എന്നിവിടങ്ങളിൽ ഒന്നും), സ്ഥലമുള്ളയിടങ്ങളിൽ ശുചിമുറി സമുച്ചയങ്ങൾക്കൊപ്പം കോഫീഷോപ്പ്/റിഫ്രെഷ്മെന്റ് സെന്ററുകൾ കൂടി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ് എന്നതാണ് പദ്ധതിയുടെ സമഗ്ര ലക്ഷ്യം. നിലവിലുള്ള പൊതു ശുചിമുറികളിൽ ഉപയോഗ ശൂന്യമായിട്ടുള്ളതോ പുനർ നിർമ്മാണം ആവശ്യമായിട്ടുള്ളതോ ആയ ശുചിമുറികളുടെ നവീകരണം ഏറ്റെടുത്ത് പൂർത്തീകരിക്കുക എന്നതിനാണ് പ്രഥമ പരിഗണന. നിശ്ചിത സ്ഥലങ്ങളിൽ നിലവിൽ പൊതുശുചിമുറികൾ ഇല്ലാത്തയിടങ്ങളിൽ മാത്രം പുതിയ ശുചിമുറികളുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്.

മേൽ ഉത്തരവു പ്രകാരം ശുചിമുറികൾ പുതുക്കി പണിയേണ്ട പദ്ധതികൾ 2020 ഒക്ടോബർ 2നു മുമ്പ് പൂർത്തിയാക്കണം. പുതിയ നിർമ്മാണം ഏറ്റെടുക്കുന്നിടത്തെല്ലാം, 2020 ഡിസംബർ 31-നകം നിർമ്മാണം പൂർത്തിയാക്കണം. എന്നാൽ പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലായിട്ടില്ല. പദ്ധതി നടപ്പിലാവാതിരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/12.9.2021ന് എഗ്രിമെന്റ് പ്രവൃത്തി 4.6.2021ന് പൂർത്തിയായിട്ടുണ്ട് എന്നും സ്ഥല ലഭ്യതയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചതിനു ശേഷം പ്രവൃത്തി ആരംഭിച്ചിട്ടുണ്ട് എന്നും നിർവഹണ

ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിനി പരിസരത്തുള്ള പാലക്കാട്-ചിറ്റൂർ പി ഡബ്ലിയു ഡി റോഡിനു സമീപം നിർമ്മിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുകയും എഗ്രിമെന്റ് വെയ്ക്കുകയും ചെയ്തു എന്നും ടി സ്ഥലത്തെ പ്രവൃത്തി സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ തടസ്സം പറഞ്ഞതിനാലാണ് പ്രവൃത്തി ആരംഭിക്കുവാൻ താമസം നേരിട്ടതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ശുചിമുറി സമുച്ചയങ്ങളുടെ തലം (അടിസ്ഥാനതലം, സ്റ്റാന്റേർഡ് തലം, മീഡിയം തലം), അടിസ്ഥാന സൌകര്യങ്ങൾ എന്നിവ നിശ്ചയിച്ചതിന്റെ വിവരം, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തി പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.
- സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 -ൽ നിർദ്ദേശിച്ച പ്രകാരം ശുചിമുറി സമുച്ചയങ്ങളുടെ തലം, അടിസ്ഥാന സൌകര്യങ്ങൾ എന്നിവ നിശ്ചയിച്ച പ്രകാരം തുടർ നടത്തിപ്പ് സാധ്യമാക്കേണ്ടതും പരിപാലന ചുമതല നൽകേണ്ടതുമാണ്.
- ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല/കുറവായി ഈടാക്കി

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.
കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല/ ചില പ്രവൃത്തികളിൽ ഈടാക്കിയത് കുറവായിട്ടാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 190/21- നെല്ലിയംപാടം വെണ്ണക്കോട് റോഡ് മെറ്റലിംഗ്, ടാറിംഗ് അടങ്കൽ - 240000 [MG(R)] | 31-3-2020 | 22-3-2021 | --- | 6400 (3%) | 6400 |

| | | | | | | |
|---|---|---|---|---|---|---|
| | PAC- 213347.86<br>കരാറുകാരൻ - ശ്രീ.അരുൺ.കെ.<br>എഗ്രിമെന്റ് നം.:17/20-9-2019<br>അളവ് പുസ്തകം - 271/20-21<br>ചെലവ് - 196368<br>(ബിൽ നം.62/29-3-2021)<br>പൂർത്തീകരണ കാലാവധി 31-3-2020 | | | | | |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 2 | 199/21-പൊൽപ്പുള്ളിത്തറ റോഡ് റീടാറിംഗ്<br>അടങ്കൽ - 300000 [MG(R)]<br>PAC- 266592.45<br>കരാറുകാരൻ -<br>ശ്രീ.ദേവദാസ്<br>എഗ്രിമെന്റ് നം.: 31/30-9-2019<br>അളവ് പുസ്തകം - 47/2020-21<br>ചെലവ് - 296026<br>(ബിൽ നം.47/22-2-2021)<br>പൂർത്തീകരണ കാലാവധി - 6 മാസം | 31-3-3020 | 29-1-2021 | 2960 | 7998<br>(3%) | 5038 |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 3 | 178/21-പൂത്തംമ്പുള്ളി ജംഗ്ഷൻ മുതൽ മൂച്ചിക്കാട് ശ്മശാനം വരെ റോഡ് | 31-3-2020 | 2-2-2021 | 9927 | 26627<br>(3%) | 16700 |

| | | | | | | |
|---|---|---|---|---|---|---|
| | റീടാറിംഗും സൈഡ് സംരക്ഷണവും<br>അടങ്കൽ - 995000 [MG(R)]<br>PAC- 887575.83<br>കരാറുകാരൻ -<br>ശ്രീ.ദേവദാസ്<br>എഗ്രിമെന്റ് നം.:27/30-9-2019<br>അളവ് പുസ്തകം - 45/2020-21<br>ചെലവ് - 992747<br>(ബിൽ നം.45/20-2-2021)<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 4 | 180/21-ചെമ്പുറോഡ് റോഡ് റീടാറിംഗ്<br>അടങ്കൽ - 357500 [MG(R)]<br>PAC- 319178.12<br>കരാറുകാരൻ - ശ്രീ.ദേവദാസ്.കെ.<br>എഗ്രിമെന്റ് നം.:35/30-9-2019<br>അളവ് പുസ്തകം - 241/20-21<br>ചെലവ് - 357500<br>(ബിൽ നം.46/22-2-2021)<br>പൂർത്തീകരണ കാലാവധി -6മാസം | 31-3-2020 | 6-2-2021 | 3575 | 9575 (3%) | 6000 |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 5 | 194/21-കതിർകുളമ്പ് റോഡ് മെറ്റലിംഗ് & ടാറിംഗ് (പഞ്ചായത്ത് | 31-3-2020 | 22-9-2020 | --- | 9246 (3%) | 9246 |

| | | | | | | |
|---|---|---|---|---|---|---|
| | കിണർ മുതൽ ചക്രപാണി വീട് വരെ)<br><br>അടങ്കൽ - 346000 [MG(R)]<br><br>PAC- 308216.16<br><br>കരാറുകാരൻ - ശ്രീ.ദാമോദരൻ<br><br>എഗ്രിമെന്റ് നം.:40/14-10-2019<br><br>അളവു പുസ്തകം - 60/19-20<br><br>ചെലവ് - 329488<br><br>(ബിൽ നം.31/10-11-2020)<br><br>പൂർത്തീകരണ കാലാവധി 31-3-2020 | | | | | |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 6 | 198/21-കിണറ്റിങ്കൽ റോഡ് റീടാറിംഗ്<br><br>അടങ്കൽ - 359000 [MG(R)]<br><br>PAC- 320445.70<br><br>കരാറുകാരൻ - ശ്രീ.ദാമോദരൻ<br><br>എഗ്രിമെന്റ് നം.:41/14-10-2019<br><br>അളവു പുസ്തകം - 63/19-20<br><br>ചെലവ് - 326902<br><br>(ബിൽ നം.33/10-11-2020)<br><br>പൂർത്തീകരണ കാലാവധി 31-3-2020 | 31-3-2020 | 5-10-2020 | --- | 9613 (3%) | 9613 |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| 7 | 144/21- | 30-3-2020 | 3-11- | --- | 5846 | 5846 |

| | | | | | | |
|---|---|---|---|---|---|---|
| | ആലിയംപാടം റോഡ് റീടാറിംഗ് & കോൺക്രീറ്റ്<br>അടങ്കൽ - 220000 [MG(R)]<br>PAC- 194863.57<br>കരാറുകാരൻ - ശ്രീ.ബാലഗംഗാധരൻ<br>എഗ്രിമെന്റ് നം.:8/20-9-2019<br>അളവു പുസ്തകം - 42/19-20<br>ചെലവ് - 220000<br>(ബിൽ നം.28/10-11-2020)<br>പൂർത്തീകരണ കാലാവധി 30-3-2020 | | 2020 | | (3%) | |
| | കരാറുകാരൻ പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. സപ്ലിമെന്ററി എഗ്രിമെന്റും ഒപ്പു വച്ചിട്ടില്ല. | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 58843 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/10-9-2021ന് സൂചിപ്പിച്ച പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സമയത്ത് ലോക്ഡൌൺ നിലവിൽ വരികയും, മെറ്റീരിയൽ ക്ഷാമവും അതിന്റെ തുടർച്ചയായി കാലാവസ്ഥ റീടാറിംഗ് പ്രവൃത്തികൾ ചെയ്യുവാൻ അനുകൂലമല്ലാതാവുകയും കൂടാതെ പഞ്ചായത്ത് ഇലക്ഷൻ പെരുമാറ്റ ചട്ടവും അസംബ്ലി ഇലക്ഷൻ പെരുമാറ്റ ചട്ടവും നിലവിൽ വന്നു. അതുകൊണ്ടാണ് 12 മാസത്തോളം പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ നേരിട്ടത് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

എന്നാൽ 2019-20 വർഷം എഗ്രിമെന്റ് വെച്ച പ്രവൃത്തികളായതിനാലും കോവിഡ് പ്രതിസന്ധി 2020 മാർച്ച് അവസാന വാരമാണ് ഉടലെടുത്തത് എന്നതിനാലും മേൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. കൂടാതെ മേൽ പ്രവൃത്തികളിലൊന്നും പ്രവൃത്തി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ നിർവഹണ ഉദ്യോഗസ്ഥൻ സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. 2020-21 വർഷം നടപ്പിലാക്കിയ പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് ടാറിംഗ്, മെറ്റലിംഗ് പ്രവൃത്തികളാണ്. അവയെല്ലാം തന്നെ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ട്. അതിനാൽ ഈടാക്കാത്ത/കറവായി ഈടാക്കിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

<u>1-32 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് നടത്തുന്നില്ല</u>

സ.ഉ.(കൈ) നം. 11/2018/തസ്വഭവ/തിയതി 29.1.2018 ലെ ഖണ്ഡിക 3.1.2.(ബി) 13 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കേണ്ടതാണ്. വർക്കിങ്ങ് ഗ്രൂപ്പുകളിലൂടെ പദ്ധതി മോണിറ്ററിങ്ങ് നടത്തി റിപ്പോർട്ട് നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ട ചുമതല വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയിൽ നിക്ഷിപ്തമാണ്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2020-21 വർഷത്തെ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/10.9.21ന് കാലികമായി റിപ്പോർട്ടുകൾ സൂക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ആവശ്യകതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കൃത്യമായ പ്ലാനിങ്ങിലൂടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ കൈക്കൊള്ളുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി അധികനിരക്കിൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട്.നം. | 135/2020 (Spill Over)<br>വനിത (SC) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| നിർവഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 3,30,000/- (SCP) |
| ചെലവ് | 1,60,699/- |
| ബിൽ നമ്പർ | 1. 2/2020 Dated 14/05/2020 Amount- 70,832/-<br>2. 3/2020 Dated 14/05/2020 Amount- 89,867<br>Total Amount- 1,60,699/- |

ഗ്രാമപഞ്ചായത്തിലുള്ള ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന വനിത (SC) ക്ഷീരകർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചിരിക്കുന്നത് . 14.02.2018 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം. 22/2018/ത.സ്വ.ഭ.വ. പ്രകാരം ഒരു ലിറ്റർ പാലിന് 3 നിരക്കിൽ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ 4 രൂപ) സബ്സിഡി നൽകാവുന്നതാണ്. പൊൽപ്പുള്ളി ക്ഷീരസഹകരണ സംഘത്തിലെ വനിതാ ക്ഷീരകർഷകർക്ക് താഴെ പറയുന്ന നിരക്കിൽ സബ്സിഡി നൽകിയിട്ടുണ്ട്.

| | | പാലിന്റെ അളവ് ( ലിറ്ററിൽ) | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | Name Of The Beneficiary | April 2019 | May | June | July | Aug | Sep | Oct | Nov | Dec | Jan 2020 | Feb | Mar | Total Milk | Total Subsidy Amount |
| 1 | Jayanthi | 215 | 249 | 271 | 105 | 59 | 116 | 237 | 178 | 246 | 382 | 319 | 132 | 2509 | 16061 |
| 2 | Leela | 26 | 0 | 0 | 0 | 33 | 291 | 325 | 300 | 218 | 189 | 148 | 59 | 1589 | 11083 |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 3 | Usha | 0 | 442 | 460 | 464 | 412 | 371 | 286 | 236 | 175 | 66 | 0 | 0 | 2912 | 23237 |
| 4 | Panjali | 274 | 328 | 563 | 609 | 409 | 325 | 216 | 133 | 268 | 269 | 206 | 89 | 3689 | 26380 |
| 5 | Thanka | 206 | 223 | 283 | 303 | 210 | 144 | 151 | 133 | 189 | 192 | 330 | 156 | 2520 | 11697 |
| 6 | Madhavi | 267 | 262 | 226 | 190 | 376 | 235 | 278 | 298 | 208 | 166 | 79 | 96 | 2681 | 16813 |
| 7 | Yasodha | 0 | 63 | 197 | 193 | 182 | 178 | 168 | 167 | 140 | 166 | 141 | 57 | 1652 | 17221 |
| 8 | Omana | 336 | 535 | 378 | 210 | 212 | 190 | 167 | 149 | 127 | 0 | 0 | 0 | 2304 | 19288 |
| 9 | Sajini | 264 | 279 | 139 | 86 | 48 | 144 | 0 | 0 | 0 | 363 | 366 | 141 | 1830 | 9082 |
| 10 | Santhi | 325 | 343 | 301 | 158 | 0 | 0 | 68 | 64 | 0 | 0 | 0 | 0 | 1259 | 9837 |
| | | 1913 | 2724 | 2818 | 2318 | 1941 | 1994 | 1896 | 1658 | 1571 | 1793 | 1589 | 730 | 22945 | 160699 |

ആകെ പാലിന്റെ അളവ്- 22,945 ലിറ്റർ
സബ്സിഡി നൽകിയ തുക- 1,60,699/-

പരമാവധി നൽകാവുന്ന സബ്സിഡി തുക- 68,835/- (ഒരു ലിറ്റർ പാലിന് 3 നിരക്കിൽ)

അധികം നൽകിയ തുക- 91,864/- ( 1,60,699 – 68,835)

ഒരു ലിറ്റർ പാലിന് നൽകാവുന്ന പരമാവധി സബ്സിഡി നിരക്ക് 3 രൂപ (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പെടെ 4 രൂപ) ആണെന്നിരിക്കെ ഒരു ക്ഷീരകർഷകർക്ക് 7 രൂപ നിരക്കിൽ നൽകിയിരിക്കുന്നത് അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ തുകയായ 91,864/ രൂപ നിർവഹണോദ്യോഗസ്ഥയിൽനിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 18/24.08.2021 ന് മറുപടി ലഭിച്ചിട്ടില്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2020-21 | 6-9-2021 മുതൽ 13-9-2021 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 600000 | 129/21: ലൈഫ് ഭവന പദ്ധതി - പ്രത്യേക ഘടക പദ്ധതി | 600000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 220901 | 48/21: പാലിയേറ്റീവ് കെയർ | 220901 | 0 |
| ചിറ്റൂർ ബ്ലോക്ക് | 2020-21 | 1431340 | 10/21: ഉഴവു കൂലി വിതരണം (സമൃദ്ധി) | 1431340 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | 2020-21 | | |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 20,000 | 217/21: സുഭിക്ഷ കേരളം - തരിശ് കൃഷി പ്രോത്സാഹനം - നെല്ല് | 20000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 5,685 | 219/21: സുഭിക്ഷ കേരളം - തരിശ് കൃഷി പ്രോത്സാഹനം - പച്ചക്കറി | 5685 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 10,322 | 221/21: സുഭിക്ഷ കേരളം - തരിശ് കൃഷി പ്രോത്സാഹനം - നെല്ല് | 10322 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 880000 | 33/21: ലൈഫ് ഭവന പദ്ധതി - എസ്.സി.പി | 880000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 120000 | 53/21: ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 120,000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150,000 | 132/21: ക്ഷീര കർഷകർക്ക് പാലിന് ഇൻസന്റീവ് | 150000 | 0 |
| ആകെ - ബ്ലോക്ക് പഞ്ചായത്ത് | | 3438248 | | 3438248 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 2976000 | 10/21: ഉഴവു കൂലി വിതരണം (സമൃദ്ധി) 2020-21 | 2976000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | 33/21: ലൈഫ് ഭവന പദ്ധതി - എസ്.സി.പി | 200000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 220000 | 32/21: ലൈഫ് ഭവന പദ്ധതി - ജനറൽ | 220000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 150000 | 53/21: ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| പാലക്കാട് ജില്ലാ | 2020-21 | 57960 | 61/21: ക്ഷീര കർഷകർക്ക് | 57960 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | പാലിന് ഇൻസന്റീവ് - ജനറൽ | | |
| ആകെ - ജില്ലാ പഞ്ചായത്ത് വിഹിതം | 3603960 | | 3603960 | 0 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിൽ 2019-20 വർഷം ചെലവഴിക്കാതെ അവശേഷിച്ച ₹182984/- ഈ വർഷവും ചെലവഴിച്ചിട്ടില്ല. തുക തിരിച്ചടക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2020-21 സാമ്പത്തിക വർഷം ഡെപ്പോസിറ്റ് വർക്കുകൾക്കായി ഗ്രാമ പഞ്ചായത്ത് കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ജല അതേറിറ്റി | 24/21, കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 57/29-03-21 | 1500000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കേരള ജല അതേറിറ്റി | 138/21, കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ (സ്പിൽ ഓവർ | 33/15-01-21 (₹ 1047492), 47/22-03-21 (₹ 552508) | 1600000 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | 139/21, തെരുവ് വിളക്ക് ലൈൻ ഘടിപ്പിക്കൽ (ജി എസ് ടി ഉൾപ്പെടെ) (സ്പിൽ ഓവർ | 10/14-05-20 (₹ 188020), 14/10-06-20 (₹ 599819) | 787839 | 0 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹2200000/- വരവുണ്ട്. മുൻബാക്കി ₹24046471/- അടക്കം ₹26246471/-യിൽ ₹ 26246471/- ഉം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | | ത്തിൽ തിരിച്ചട യ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No. 68/ 2018. LSGD Dt.18.5.2018 | (2019-20) 24046471 + 2200000 (2020-21ലെ വരവ്) | 24046471 | 2400392 | 0 | 23846079 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുംതന്നെയില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ ഒന്നും അവശേഷിക്കുന്നില്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹.73956206/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹.75345306/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹.91864/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | --- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
| 3-1 | | 91864 | അഫ്സ,<br>ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ |
| | ആകെ | 91864 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഒന്നുമില്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

------

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഫ്സ,<br>ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ | ഡയറി ഫാം എക്സ്റ്റൻഷൻ ഓഫീസർ,<br>പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | ഹൌസ് നം. 16,<br>സാഗരിക നഗർ,<br>കല്ലേക്കുളങ്ങര,<br>പാലക്കാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.കെ.എസ്.എ-പി.കെ.ഡി11/792/ 2018 തിയതി.6.9.2018( ഓഡിറ്റ് അദാലത്ത് ) | 1 |
| 1997-98 | | 0 |
| 1998-99 | | 1 |
| 1999-2000 | | 7 |
| 2000-01 പ്ലാൻഒഴികെ | | 2 |
| 2000-01 പ്ലാൻ | | 6 |
| 2001-02 പ്ലാൻഒഴികെ | | 0 |
| 2001-02 പ്ലാൻ | | 2 |
| 2002-03 | | 4 |
| 2003-04 | | 13 |
| 2004-05 | | 4 |
| 2005-06 | | 12 |
| 2006-07 | | 13 |
| 2007-08 | എൽ.എഫ്.പി11/612/15/30-6-2015 | 6 |
| 2008-09 | കെ.എസ്.എ.പി.കെ.ഡി.11/2144/15/5-3-2016 | 4 |
| 2009-10 | എൽ.എഫ്.പി11.2140/2014/1-12-2014 | 8 |
| 2010-11 | എൽഎഫ്.പി11/1896/2013/4-12-2013 | 7 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1478/15/19-9-2015 | 8 |
| 2012-13 | കെ.എസ്.എ-പികെഡി-11/1939/15/31.3.2016 | 7 |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി-11/1072/16/18-10-2016 | 17 |
| 2015-16 | കെ.എസ്.എ-പികെഡി.11-744/2018/14-5-2018 | 7 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.11-1752/2017/27.3.2018 | 15 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി.11/259/2019/13.05.2019 | 12 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി.11-1399/2019/25.11.2019 | 18 |
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി.11/889/2020/13.04.2021 | 27 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## വാർഷിക കണക്ക് -വിവിധ പത്രികകൾ

| | | | |
|---|---|---|---|
| | Polpully Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6295133.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 446240.00 |
| 130000000 | Rental income from Panchayat Properties | RP-3 | 80000.00 |
| 140000000 | Fees & User Charges | RP-4 | 1387632.00 |
| 150000000 | Sale & Hire Charges | RP-5 | 343829.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 57160755.00 |
| 171000000 | Interest Earned | RP-9 | 35963.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7588230.00 |
| 340000000 | Deposits Received | RP-34 | 500.00 |
| 350000000 | Other Liabilities | RP-36 | 180700.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 2447.00 |
| 330000000 | Secured Loans | RP-32 | 2200000.00 |
| 340000000 | Deposits Received | RP-34 | 162681.00 |
| 350000000 | Other Liabilities | RP-36 | 1146650.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1782621.00 |
| 460000000 | Loans, Advances and Deposits | RP-47 | 1437958.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 1736113.00 |
| 220000000 | Administrative Expenses | RP-12 | 901723.00 |
| 230000000 | Operations & Maintenance | RP-13 | 2133717.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 11258114.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17836896.00 |
| 252000000 | Decentralised Plan Programme- | RP-17 | 2384342.00 |

| | | | |
|---|---|---|---|
| | Infrastructure Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 808493.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 956075.00 |
| 255000000 | Maintenance Projects | RP-20 | 13400763.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 50000.00 |
| 280000000 | Prior Period item | RP-26 | -450.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2000.00 |
| 350000000 | Other Liabilities | RP-36 | 6514558.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 607.00 |
| 340000000 | Deposits Received | RP-34 | 54250.00 |
| 350000000 | Other Liabilities | RP-36 | 1171173.00 |
| 410000000 | Fixed Assets | RP-38 | 1463531.00 |
| 412000000 | Capital work in Progress | RP-40 | 9355059.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4247190.00 |
| 460000000 | Loans, Advances and Deposits | RP-47 | 1071152.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4884572.00 |
| Cash | Cash | RP-40(b) | 21461.00 |
| | Grand Total | | 80251339.00 |

Polpully Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2179393.00 |
| 130000000 | Rental Income from Panchayat / | I-3 | 80000.00 |

| | | | |
|---|---|---|---|
| | Municipal Properties | | |
| 140000000 | Fee & User Charges | I-4(b) | 1679739.00 |
| 150000000 | Sale & Hire Charges | I-5(b) | 343829.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 130362998.00 |
| 171000000 | Interest Earned | I-8 | 35963.00 |
| 180000000 | Other Income | I-9 | 69951.00 |
| | Total Income | | 134751873.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8491118.00 |
| 220000000 | Administrative Expenses | I-11(b) | 901723.00 |
| 230000000 | Operations & Maintenance | I-12(b) | 2133717.00 |
| 240000000 | Interest & Finance Charges | I-13 | 607.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 11258114.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48368784.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2384342.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 955135.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 40967575.00 |
| 255000000 | Maintenance Projects | I-14(e) | 13400763.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 50000.00 |
| 272000000 | Depreciation | I-17(a) | 3695569.00 |
| | Total Expenditure | | 132607447.00 |

| | | | |
|---|---|---|---|
| | Gross Surplus/ Deficit of income over Expenditure | | 2144426.00 |
| 280000000 | Prior Period Item | | -26247407.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 28391833.00 |

Polpully Grama Panchayat BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 30013900.25 |
| 312000000 | Reserves | B-.3 | 32207463.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4108021.00 |
| | Total Grants, Contributions for Specific Purposes | | 4108021.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 23846079.00 |
| | Total Loans | | 23846079.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 309897.00 |
| 350000000 | Other Liabilities | B-9 | 938194.75 |
| | Total Current Liabilities and Provisions | | 1248091.75 |
| | TOTAL LIABILITIES | | 91423555.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 64064818.00 |
| 411000000 | Accumulated Depreciation | B-11 | -6280214.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 57784604.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4588756.00 |
| 440000000 | Pre-paid Expenses | B-16 | 23846079.00 |
| 450000000 | Cash and Bank Balance | B-17 | 4906300.00 |
| 460000000 | Loans, Advances and Deposits | B-18 | 298083.00 |
| | Total Current Assets, Loans and Advances | | 33638951.00 |
| | Other Assets | | |

| | | |
|---|---|---|
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 91423555.00 |

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)